**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 277** **27-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികൾ പുനഃസ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിൽ നിന്നും പണം ലഭിക്കാത്തത് കാരണം സാമൂഹ്യ സുരക്ഷാ മിഷൻ നടത്തിവരുന്ന നിരവധി പദ്ധതികൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് മുൻ സാമ്പത്തിക വർഷങ്ങളെ പോലെ തന്നെ ഈ വർഷവും ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സാമൂഹ്യ സുരക്ഷാ മിഷന്റെ മുടങ്ങിയ പദ്ധതികൾ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | സാമൂഹ്യ സുരക്ഷ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ ഒന്നും തന്നെ മുടങ്ങിയിട്ടില്ല.<br><br>11/10/2012 ലെ സ.ഉ. (എം.എസ്) 60/2012/ സാ.ക്ഷേ.വ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരുടെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെയും പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി.തന്മൂലം പദ്ധതിയിലെ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം, 2023-2024 സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തിവിവരങ്ങൾ, മറ്റു അനുബന്ധ രേഖകൾ എന്നിവ 01/08/2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കാൾക്ക് 13 മാസത്തെ ധനസഹായം |

| | | | |
|---|---|---|---|
| | | | അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ പുനരാരംഭിക്കാനും കുടിശിക സമയബന്ധിതമായി കൊടുത്ത് തീർക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സാമൂഹ്യ സുരക്ഷ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ ഒന്നും തന്നെ മുടങ്ങിയിട്ടില്ല.<br><br>11/10/2012 ലെ സ.ഉ. (എം.എസ്) 60/2012/ സാ.ക്ഷേ.വ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരുടെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെയും പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി.തന്മൂലം പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം, 2023-2024 സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തിവിവരങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ 01/08/2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കാൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ